നം.എൽ.എഫ്.ടി14-163/10

ലോക്കൽ ഫണ്ട് ഓഡിറ്റ്
ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
ജില്ലാ കാര്യാലയം, തൃശ്ശൂർ.
തീയതി: 30-06-2010.

പ്രേഷിത

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

സ്വീകർത്താവ്

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,
തൃശ്ശൂർ.

സർ,

വിഷയം:- എങ്ങണ്ടിയൂർ ഗ്രാ.പ. സെക്രട്ടറി ശ്രീ.കെ.എം. ശിവരാമന്റെ ശമ്പളനിർണ്ണയം, ശരാശരി വേതനം എന്നിവ അംഗീകരിക്കുന്നത് സംബന്ധിച്ച്.

സൂചന:- താങ്കളുടെ 15-1-2010ലെ ഇ6-4310/09(2)-ാം നമ്പർ കത്ത്.

------

ശ്രീ.കെ.എം.ശിവരാമന്റെ സേവനപുസ്തകം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. 26-8-94ലെ സർക്കാർ ഉത്തരവ് (ആർ.ടി)3819/94 എൽ.എ.ഡി പ്രകാരം ടിയാൻ 26-8-94 മുതൽ സസ്പെൻഷനിലായി. ടി ഉത്തരവ് ലഭ്യമാക്കിയിട്ടില്ല.

2. സർക്കാർ ഉത്തരവ് (സാ) നം. 6516/95 തസ്വഭവ തീയതി 6.12.95ന്റെ അടിസ്ഥാനത്തിൽ ടിയാന്റെ സസ്പെൻഷൻ പിൻവലിച്ചതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡയറക്ടർ സസ്പെൻഷൻ പിൻവലിച്ച് 14/12/95ൽ ടിയാന് തൊണ്ടർനാട് പഞ്ചായത്തിൽ നിയമനം നൽകി എങ്കിലും വേക്കൻസി ഇല്ലാതിരുന്നതിനാൽ ജോലിയിൽ പ്രവേശിക്കാനായില്ല. 16/2/96ലെ പഞ്ചായത്ത് ഡയറക്ടറുടെ ഇ8-125/95-ാം നം. ഉത്തരവ് പ്രകാരം 4/3/96ൽ മുല്ലശ്ശേരി പഞ്ചായത്ത് സെക്രട്ടറിയായി ചുമതലയേറ്റു.

   സർക്കാർ ഉത്തരവ് (സാ) 23/05 തസ്വഭവ തീയതി 4-1-05 പ്രകാരം ടിയാന്റെ സസ്പെൻഷൻ കാലഘട്ടം ക്രമീകരിച്ച് ഉത്തരവായിട്ടുണ്ട്. ഇതു പ്രകാരം സസ്പെൻഷൻ കാലാവധി (26-8-94 മുതൽ 4-12-95 വരെ) ഡ്യൂട്ടിയായി പരിഗണിച്ച് ശമ്പളവും മറ്റ് അലവൻസുകളും ഉപജീവനബത്തയിൽ മാത്രം പരിമിതപ്പെടുത്തി നൽകുവാനും നിയമനം വൈകിയതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും 5-12-95 മുതൽ 15-2-96 വരെയുള്ള കാലയളവിലെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ഈടാക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സൂചിപ്പിച്ചിട്ടുണ്ട്. കൂടാതെ 16-2-96 മുതൽ 3-3-96 വരെയുള്ള 17 ദിവസം കെ.എസ്.ആർ. പാർട്ട് 1 റൂൾ 56ബി(9) പ്രകാരം ജോയിനിംഗ് ടൈം/അർഹതപ്പെട്ട അവധിയായി ക്രമീകരിക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇതിൻപ്രകാരമുള്ള നടപടികൾ സ്വീകരിച്ചതിന്റെ വിവരങ്ങൾ സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

3. ടിയാൻ 1992 പേറിവിഷൻ ഓപ്ഷൻ നൽകിയതായി കാണുന്നില്ല.

4. ടിയാൻ എക്സിക്യൂട്ടീവ് ഓഫീസർ ഗ്രേഡ് 1 ന്റെ സ്കെയിലിൽ നിന്നും (1400-2300) ഉയർന്ന ശമ്പളസ്കെയിലിലേക്ക് (1520-2660) മാറിയതിന്റെ വിശദാംശങ്ങൾ സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

5. 15-7-96 മുതൽ 28-2-98 വരെയുള്ള കാലയളവ് സംബന്ധിച്ച രേഖപ്പെടുത്തലുകൾ സേവന പുസ്തകത്തിൽ ഇല്ല.

6. സേവനപുസ്തകം വോള്യം 2 പേജ് നം. 16ൽ അസി.ഡയറക്ടർ ഓഫ് പഞ്ചായത്ത്, ജൂനിയർ - സീനിയർ അനോമലി പ്രകാരം ശമ്പളം പുനഃക്രമീകരിച്ച് നൽകിയിട്ടുള്ളതായി സാക്ഷ്യപ്പെടുത്തി കാണുന്നു. ടി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കിയിട്ടില്ല.

7. 1-3-92 മുതൽ 1-3-98 വരെയുള്ള കാലയളവിൽ സേവനപുസ്തകത്തിൽ പൂർണ്ണമായി രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല.

ആയതിനാൽ മേൽ അപാകതകൾ പരിഹരിച്ച്, ടിയാന്റെ സേവനപുസ്തകത്തിൽ 1-3-92 മുതൽക്കുള്ള സേവന സംബന്ധമായ എല്ലാ രേഖപ്പെടുത്തലുകളും പൂർത്തിയാക്കി, ശമ്പള നിർണ്ണയ പത്രികകളും മറ്റു അനുബന്ധ ഉത്തരവുകളും സഹിതം സമർപ്പിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ശ്രേ)

ഉള്ളടക്കം: സേവനപുസ്തകം 1, 2, 3

ജി/

# 175/2010 - M

1. മനുഷ്യാവകാശ ദിനം
   (A) ഒക്ടോബർ 2 (B) ഒക്ടോബർ 31
   (C) ഡിസംബർ 10 (D) ആഗസ്റ്റ് 15

2. ഇന്ത്യൻ നാഷണൽ കോൺഗ്രസ് രൂപീകൃതമായ വർഷം
   (A) 1885 (B) 1785 (C) 1857 (D) 1805

3. 1700 രൂപക്ക് 11% നിരക്കിൽ 4 വർഷത്തെ സാധാരണ പലിശ
   (A) 187 (B) 374 (C) 561 (D) 748

4. മനുഷ്യശരീരത്തിലെ അരിപ്പ എന്നറിയപ്പെടുന്ന അവയവം
   (A) കരൾ (B) വൃക്കകൾ (C) തലച്ചോറ് (D) ഹൃദയം

5. പരുത്തികൃഷിക്ക് അനിയോജ്യമായ മണ്ണ്
   (A) കരിമണ്ണ് (B) ചെമ്മണ്ണ്
   (C) എക്കൽ മണ്ണ് (D) ലാറ്ററെറ്റ് മണ്ണ്

6. കംപ്യൂട്ടർ കണ്ടുപിടിച്ചത്
   (A) ജോർജ്ജ് സ്റ്റീവൻസൺ (B) ബി. ഹോൾട്ട്
   (C) ചാൾസ് ബാബേജ് (D) മാക് മില്ലർ

7. ഗുജറാത്തിന്റെ തലസ്ഥാനം
   (A) പാറ്റ്ന (B) ഗാന്ധിനഗർ (C) ചെന്നൈ (D) ഭുവനേശ്വർ

8. ഇന്ത്യയിലെ പരമോന്നത സിവിലിയൻ ബഹുമതി
   (A) പത്മശ്രീ (B) പത്മഭൂഷൻ (C) ഓസ്കാർ (D) ഭാരതരത്നം

9. ഇന്ത്യൻ സമ്പത്ത് വ്യവസ്ഥയുടെ നട്ടെല്ല്
   (A) വ്യവസായ മേഖല (B) ആരോഗ്യ മേഖല
   (C) കാർഷിക മേഖല (D) വാണിജ്യ മേഖല

A

10. കേരളത്തിലെ ഡച്ച് മേധാവിത്വം അവസാനിക്കാൻ കാരണമായ യുദ്ധം
    - (A) പഴശ്ശി കലാപം
    - (B) വേലുത്തമ്പി കലാപം
    - (C) മൈസൂർ കലാപം
    - (D) കുളച്ചൽ യുദ്ധം

11. രാത്രിയും പകലും ഉണ്ടാകാനുള്ള കാരണം
    - (A) ഭ്രമണം
    - (B) പരിക്രമണം
    - (C) ഗുരുത്വാകർഷണം
    - (D) കൊറിയോലിസ് ബലം

12. മലയാളത്തിലെ ആദ്യനോവൽ
    - (A) അഗ്നിസാക്ഷി
    - (B) കുന്ദലത
    - (C) ഇന്ദുലേഖ
    - (D) മാലതീമാധവം

13. പട്ടുനൂൽ പുഴുക്കളെ ശാസ്ത്രീയമായി വളർത്തി അവയിൽനിന്നും പട്ടുനൂൽ വേർത്തിരിച്ചെടുക്കുന്ന പ്രക്രിയ
    - (A) ഹോർട്ടികൾച്ചർ
    - (B) സിൽവികൾച്ചർ
    - (C) എപ്പികൾച്ചർ
    - (D) സെറികൾച്ചർ

14. ഏറ്റവും വലിയ അക്ഷാംശ രേഖ
    - (A) അൻറാർട്ടിക് വൃത്തം
    - (B) ആർട്ടിക്‌വൃത്തം
    - (C) ഭൂമധ്യരേഖ
    - (D) ദക്ഷിണായന രേഖ

15. ഒരു സ്കൂട്ടറിൻെറ ഭാരം 66 കി. ഗ്രാം ആയാൽ 594 കി. ഗ്രാം എത്രയെണ്ണത്തിൻെറ ഭാരമാണ്
    - (A) 8
    - (B) 9
    - (C) 7
    - (D) 10

16. സ്വർണ്ണാഭരണങ്ങളിൽ ഉറപ്പിനായി ചേർക്കുന്ന ലോഹം
    - (A) ചെമ്പ്
    - (B) മഗ്നീഷ്യം
    - (C) പ്ലാറ്റിനം
    - (D) വെള്ളി

17. ഇന്ത്യൻ ഭരണഘടന ഔദ്യോഗികമായി നിലവിൽ വന്നത്
    - (A) 1956 നവംബർ 1
    - (B) 1950 ജനുവരി 26
    - (C) 1948 ആഗസ്റ്റ് 2
    - (D) 1947 ആഗസ്റ്റ് 15

18. ഇന്ദിരാഗാന്ധി അന്ത്യവിശ്രമം കൊള്ളുന്ന സ്ഥലം
    - (A) വീർഭൂമി
    - (B) രാജ്ഘട്ട്
    - (C) ശാന്തിവനം
    - (D) ശക്തിസ്ഥൽ

26. കേരളത്തിലെ പ്രധാന തടി വ്യവസായം

(A) ആലപ്പുഴ (B) കല്ലായി (C) ആലുവ (D) കൊല്ലം

27. മൗലികാവകാശങ്ങൾ സംരക്ഷിക്കുന്ന സ്ഥാപനം

(A) കോടതികൾ (B) രാജ്യസഭ (C) ലോകസഭ (D) പാർലമെൻറ്

28. ഇന്ത്യൻ ഉപദ്വീപിലെ ഏറ്റവും വലിയ നദി

(A) കാവേരി (B) മഹാനദി (C) കൃഷ്ണ (D) ഗോദാവരി

29. കൃഷിക്കും ഗ്രാമവികസനത്തിനും വേണ്ടിയുള്ള ബാങ്ക്

(A) സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ

(B) നബാർഡ്

(C) പഞ്ചാബ് നാഷണൽ ബാങ്ക്

(D) ഫെഡറൽ ബാങ്ക്

30. പ്രകാശ സംശ്ലേഷണ സമയത്ത് സസ്യങ്ങൾ ഉപയോഗിക്കുന്ന വാതകം

(A) ഓക്സിജൻ

(B) സൾഫർ ഡൈ ഓക്സൈഡ്

(C) കാർബൺ ഡൈ ഓക്സൈഡ്

(D) നൈട്രജൻ

31. ഇന്ത്യയിലെ ആദ്യ സ്റ്റോക്ക് എക്സ്ചേഞ്ച്

(A) ഡൽഹി (B) കൽക്കത്ത (C) പഞ്ചാബ് (D) മുംബൈ

32. പല്ലവശില്പകല ഏറ്റവും കൂടുതൽ കാണുന്ന സ്ഥലം

(A) മഹാബലിപുരം (B) കാഞ്ചീപുരം

(C) അജന്ത (D) എല്ലോറ

33. ഭൂദാനപ്രസ്ഥാനത്തിൻെറ സ്ഥാപകൻ

(A) ഗാന്ധിജി (B) നെഹ്റു

(C) വിനോബഭാവെ (D) ജയപ്രകാശ് നാരായണൻ

34. 'ഭരതനാട്യം' ഏതു സംസ്ഥാനത്തിൻെറ നൃത്തരൂപമാണ്

(A) കേരളം (B) മണിപ്പൂർ (C) മഹാരാഷ്ട്ര (D) തമിഴ്നാട്

A

35. താഴെ തന്നിരിക്കുന്ന പട്ടികയിൽ ഇന്ത്യ പിൻതുടരുന്ന രാഷ്ട്രീയ സംവിധാനം
   (A) ബഹുകക്ഷി സമ്പ്രദായം
   (B) ഏകകക്ഷി സമ്പ്രദായം
   (C) നാഷണൽ പാർട്ടി സമ്പ്രദായം
   (D) ദ്വികക്ഷി സമ്പ്രദായം

36. ടൂറിസത്തെ വ്യവസായമായി അംഗീകരിച്ച ആദ്യ സംസ്ഥാനം
   (A) തമിഴ്നാട് (B) കേരളം
   (C) ആന്ധ്രപ്രദേശ് (D) ഗുജറാത്ത്

37. 1967 ആഗസ്റ്റ് 8 ന് രൂപീകരിച്ച തെക്കുകിഴക്കൻ ഏഷ്യൻ രാജ്യങ്ങളുടെ സംഘടന
   (A) ഏസിയൻ (B) സാർക്ക്
   (C) യൂറോപ്യൻ യൂണിയൻ (D) അപ്പെക്

38. ഇലകൊഴിയാൻ കാരണമായ രാസവസ്തു
   (A) അസറ്റിക് ആസിഡ് (B) അബ്സിസിക് ആസിഡ്
   (C) അസ്കോർബിക് ആസിഡ് (D) ഹൈഡ്രോക്ലോറിക് ആസിഡ്

39. ഏറ്റവും കൂടുതൽ പ്രോട്ടീൻ അടങ്ങിയിരിക്കുന്ന ഭക്ഷ്യവസ്തു
   (A) കാബേജ് (B) കോളിഫ്ലവർ (C) സോയബീൻ (D) ബീറ്റ്റൂട്ട്

40. പറമ്പിക്കുളം കടുവാ സംരക്ഷണകേന്ദ്രം ഉദ്ഘാടനം ചെയ്ത കേന്ദ്രമന്ത്രി
   (A) സഞ്ജയൻ കുമാർ (B) ബിനോയ് വിശ്വം
   (C) എ. കെ. ആൻറണി (D) ജയറാം രമേശ്

41. കൃഷ്ണദേവരായരുടെ സദസ്സിനെ അലങ്കരിച്ചിരുന്ന പണ്ഡിതസദസ്സ്
   (A) അഷ്ടപ്രധാൻ (B) അഷ്ടാംഗ മാർഗ്ഗങ്ങൾ
   (C) അഷ്ടദിക് പാലകർ (D) അഷ്ടദിഗ്ഗജങ്ങൾ

42. 'വിങ്ങ്സ് ഓഫ് ഫയർ' എന്ന കൃതിയുടെ കർത്താവ്
   (A) കെ. ആർ. നാരായണൻ (B) ആർ. കെ. നാരായണൻ
   (C) എ. പി. ജെ. അബ്ദുൾകലാം (D) അബ്ദുൾകലാം ആസാദ്

A

43. ആര്യസമാജസ്ഥാപകൻ

(A) ആനിബസന്റ്
(B) സ്വാമി ദയാനന്ദസരസ്വതി
(C) രാജാറാം മോഹൻറോയ്
(D) സ്വാമി വിവേകാനന്ദൻ

44. 10 തൊഴിലാളികൾ 12 ദിവസം കൊണ്ട് ചെയ്തുതീർക്കുന്ന ജോലി 8 തൊഴിലാളികൾ എത്ര ദിവസം കൊണ്ട് ചെയ്തുതീർക്കും ?

(A) 15
(B) 17
(C) 19
(D) 16

45. 'വിദ്യാഭ്യാസം' ഏതു ലിസ്റ്റിൽപ്പെടുന്നു

(A) സ്റ്റേറ്റ് ലിസ്റ്റ്
(B) കൺകറന്റ് ലിസ്റ്റ്
(C) യൂണിയൻ ലിസ്റ്റ്
(D) ഇതൊന്നുമല്ല

46. ഒരാറ്റത്തിലെ പ്രോട്ടോണുകളുടെ എണ്ണമാണ്

(A) മാസ് നമ്പർ
(B) ന്യൂക്ലിയസ്
(C) ഐസോട്ടോപ്പുകൾ
(D) അറ്റോമിക നമ്പർ

47. ഒരു രാജ്യം ഒരു വർഷം ഉത്പാദിപ്പിക്കുന്ന സാധനങ്ങളുടേയും സേവനങ്ങളുടേയും ആകെത്തുക

(A) പ്രതിശീർഷ വരുമാനം
(B) വ്യക്തിഗത വരുമാനം
(C) ദേശീയ വരുമാനം
(D) ആഭ്യന്തര വരുമാനം

48. സോഡാവാട്ടർ നിർമ്മാണത്തിനുപയോഗിക്കുന്ന ആസിഡ്

(A) കാർബോണിക് ആസിഡ്
(B) ഫോർമിക് ആസിഡ്
(C) സൾഫ്യൂരിക് ആസിഡ്
(D) നൈട്രിക് ആസിഡ്

49. കളിമണ്ണുകൊണ്ടുള്ള വസ്തുക്കളുടെ കാലം നിർണ്ണയിക്കുന്ന രീതി

(A) കാർബൺ – 14
(B) യുറേനിയം-തോറിയം രീതി
(C) തെർമോലൂമിനസെൻസ്
(D) ക്ലാവ് പരിശോധന

50. 'ത്രിപിടകങ്ങൾ' ഏതു സാഹിത്യവുമായി ബന്ധപ്പെട്ടതാണ്

(A) ബുദ്ധസാഹിത്യം
(B) ജൈനസാഹിത്യം
(C) പേർഷ്യൻ സാഹിത്യം
(D) അറബിസാഹിത്യം

51. പൂർണ്ണ ആന്തര പ്രതിഫലന തത്വം ആധാരമാക്കി പ്രവർത്തിക്കുന്ന ഉപകരണം
(A) ഫോട്ടോ ട്രാൻസിസ്റ്റർ (B) ഫോട്ടോഡയോഡ്
(C) ഓപ്റ്റിക്കൽ സെൻസർ (D) ഫൈബർ ഓപ്റ്റിക് കേബിൾ

52. ത്രിമാന ചിത്രം നിർമ്മിക്കാൻ ഉപയോഗിക്കുന്ന സാങ്കേതികത
(A) ലേസർ (B) ഹോളോഗ്രാഫി
(C) ഫോട്ടോഗ്രാഫി (D) ഓപ്റ്റിക്കൽ ഇൻറർഫെറോമെട്രി

53. 450 രൂപ വിലയുള്ള ഒരു മരം 10% ഡിസ്കൗണ്ടിൽ വിറ്റാൽ, വിറ്റവില
(A) 490 (B) 400 (C) 500 (D) 405

54. ദ്വിതീയ മേഖലക്ക് ഒരു ഉദാഹരണം
(A) കൃഷി (B) ഡോക്ടർ
(C) വ്യവസായങ്ങൾ (D) ഖനനം

55. വിറ്റമിൻ 'സി' യുടെ അഭാവം മൂലം ഉണ്ടാകുന്ന രോഗം
(A) സ്കർവി (B) അനീമിയ (C) റിക്കറ്റ്സ് (D) നിശാന്ധത

56. "വ്യക്തിത്വത്തെ പരമാവധി വികസിപ്പിക്കുന്നതിന് ആവശ്യമുള്ള ബാഹ്യമായ ചില വ്യവസ്ഥകളാണ് അവകാശങ്ങൾ". ഈ പ്രസ്ഥാവന ആരുടേതാണ്
(A) റൂസ്സോ (B) ബാർക്കർ (C) വോൾട്ടയർ (D) ലാസ്കി

57. ഒറീസയുടെ പഴയ പേര്
(A) ഹംപി (B) പുരി (C) കാമരൂപ (D) കലിംഗ

58. മികച്ച കർഷകന് കേരള സർക്കാർ നൽകുന്ന പുരസ്കാരം
(A) കർഷകശ്രീ (B) കർഷകോത്തമ
(C) ജി. വി. രാജ പുരസ്ക്കാരം (D) ഇതൊന്നുമല്ല

59. ഒരു നോട്ടുബുക്കിൻെറ വില 11.5 രൂപയും, ഒരു വളയുടെ വില 10.75 രൂപയും ആയാൽ ആകെ വില
(A) 21.75 (B) 21.5 (C) 22.25 (D) 23.5

60. 'സപ്താംഗ' സിദ്ധാന്തത്തിന്റെ ഉപജ്ഞാതാവാര് ?

(A) കൗടില്യൻ
(B) സമുദ്രഗുപ്തൻ
(C) ആര്യഭട്ടൻ
(D) വരാഹമിഹിരൻ

61. രാഷ്ട്രത്തലവൻമാരെ വിചാരണ ചെയ്യുന്ന നടപടി

(A) സെൻഷൻ
(B) അവിശ്വാസം
(C) ഇംപീച്ച്മെന്റ്
(D) കോർട്ട് മാർഷൽ

62. ഒരു പാരമ്പര്യേതര ഊർജ്ജസ്രോതസ്

(A) കൽക്കരി
(B) പെട്രോൾ
(C) ഇരുമ്പയിര്
(D) തിരമാലകൾ

63. 'ഹേബിയസ് കോർപ്പസ്സിന്റെ' അർത്ഥം

(A) ശരീരം ഹാജരാക്കുക
(B) മേലധികാരികളുടെ ആജ്ഞ അനുസരിക്കുക
(C) ഒരു കാര്യത്തെക്കുറിച്ച് അറിവ് നേടുക
(D) ഇതൊന്നുമല്ല

64. 42-ാം ഭരണഘടന ഭേദഗതിവഴി എഴുതിച്ചേർക്കപ്പെട്ടത്

(A) അവകാശങ്ങൾ
(B) കടമകൾ
(C) ഇന്ത്യൻ പൗരത്വം
(D) ലോകസഭ

65. അന്തരീക്ഷത്തിലെ ഏറ്റവും താഴത്തെ പാളി

(A) മീസോസ് ഫിയർ
(B) ട്രോപ്പോസ് ഫിയർ
(C) തെർമോസ് ഫിയർ
(D) സ്ട്രാറ്റോസ് ഫിയർ

66. ഏറ്റവും ഭാരം കുറഞ്ഞ ലോഹം

(A) ലിഥിയം
(B) അലുമിനിയം
(C) ലെഡ്
(D) ടങ്സ്റ്റൺ

67. ശ്രീകൃഷ്ണന്റെ ജന്മസ്ഥലം

(A) മധുര
(B) ഗുജറാത്ത്
(C) മഥുര
(D) പാടലീപുത്രം

68. 'ഹോമിയോപ്പതി' ആരുമായി ബന്ധപ്പെട്ടിരിക്കുന്നു ?

(A) ഹിപ്പോക്രാറ്റീസ്
(B) മെൻഡൽ
(C) ലൂയി പാസ്ചർ
(D) ഹാനിമാൻ

A

69. മണ്ഡൽ കമ്മീഷൻ എന്തിനുവേണ്ടി രൂപീകരിച്ചതാണ്
  (A) പിന്നോക്കസമുദായ സംവരണം
  (B) നികുതി പരിഷ്കാരം
  (C) മുംബൈ കലാപം
  (D) ബാങ്കിംഗ് പരിഷ്കരണം

70. കനിഷ്കൻെറ കാലത്ത് ഇന്ത്യയിൽ ഉണ്ടായിരുന്ന ശില്പകലാരൂപം
  (A) ഇന്ത്യൻ ശില്പകല
  (B) ഗ്രീക്കൊ റോമൻ കലാരൂപം
  (C) പേഴ്സ്യൻ കലാരൂപം
  (D) ഗാന്ധാര കലാരൂപം

71. ഭൂകമ്പത്തിൻെറ തീവ്രത അളക്കുന്നതിനുള്ള ഉപകരണം
  (A) ഹൈഗ്രോ മീറ്റർ
  (B) റിക്ടർ സ്കെയിൽ
  (C) മാനോമീറ്റർ
  (D) ഫാത്തോമീറ്റർ

72. കേരളത്തിൽ അവസാനം നിലവിൽ വന്ന ജില്ല.
  (A) വയനാട്
  (B) ഇടുക്കി
  (C) കാസർകോട്
  (D) കോട്ടയം

73. ഇന്ത്യയേയും പാക്കിസ്ഥാനേയും വേർതിരിക്കുന്ന അതിർത്തിരേഖ
  (A) സിയാച്ചിൻ രേഖ
  (B) മക്മോഹൻ രേഖ
  (C) ഡ്യൂറാണ്ട് രേഖ
  (D) റാഡ് ക്ലിഫ് രേഖ

74. 12 മീറ്റർ നീളവും 8 മീറ്റർ വീതിയുമുള്ള ഒരു ചതുരത്തിൻെറ വിസ്തീർണ്ണം
  (A) 48 മീറ്റർ
  (B) 39 മീറ്റർ
  (C) 96 മീറ്റർ
  (D) 93 മീറ്റർ

75. കേരളഗാന്ധി
  (A) പട്ടം താണുപിള്ള
  (B) കെ. കേളപ്പൻ
  (C) മന്നത്ത് പത്മനാഭൻ
  (D) എ. കെ. ഗോപാലൻ

76. അന്താരാഷ്ട്ര ജൈവ വൈവിധ്യവർഷം
  (A) 2010
  (B) 2011
  (C) 2009
  (D) 2007

A

77. 'കമ്പരാമായണം' രചിച്ച ഭാഷ
(A) തമിഴ് (B) മലയാളം (C) തെലുങ്ക് (D) കന്നഡ

78. സംസ്ഥാനത്തെ കലാലയങ്ങളെ ഹരിതാഭമാക്കാനായി വിദ്യാഭ്യാസ-വനം വകുപ്പുകൾ ചേർന്നാവിഷ്കരിച്ച പദ്ധതി
(A) ബട്ടർഫ്ലൈ പാർക്ക് (B) നമ്മുടെ മരം
(C) സഞ്ജീവനി വനം (D) ഇരവികുളം ദേശീയ പാർക്ക്

79. കറിയുപ്പിന്റെ രാസനാമം
(A) അമോണിയം ക്ലോറൈഡ് (B) കാത്സ്യം കാർബണേറ്റ്
(C) സോഡിയം ക്ലോറൈഡ് (D) കോപ്പർ സൾഫേറ്റ്

80. അറബിക്കടലിന്റെ റാണി
(A) തിരുവനന്തപുരം (B) ആലപ്പുഴ
(C) ആലുവ (D) കൊച്ചി

81. ആഹാരശൃംഖലയിലെ അവസാനത്തെ വിഭാഗം
(A) മാധ്യമ ഉപഭോക്താക്കൾ (B) പ്രാഥമിക ഉപഭോക്താക്കൾ
(C) തൃതീയ ഉപഭോക്താക്കൾ (D) വിഘാടകർ

82. കേരളത്തിലെ ഉയരം കൂടിയ കൊടുമുടി
(A) അഗസ്ത്യ പർവ്വതം (B) നംഗ പർവ്വതം
(C) ആനമുടി (D) നന്ദാദേവി

83. 'ക്വാണ്ടം' സിദ്ധാന്തം മുന്നോട്ടു വെച്ചത്
(A) ഫാരഡേ (B) മാക്സ് പ്ലാങ്ക് (C) ഹെൻറി (D) എഡിസൺ

84. ബി. സി. ജി. ഏതു രോഗത്തിനുള്ള പ്രതിരോധ കുത്തിവെയ്പ്പാണ്
(A) ക്ഷയം (B) മന്ത് രോഗം (C) കോളറ (D) പനി

85. ഊഷ്മാവ് കൂടുമ്പോൾ മർദ്ദം
(A) കൂടുന്നു (B) കുറയുന്നു
(C) തുല്യമാകുന്നു (D) ഇതൊന്നുമല്ല

A

86. ത്വക്കിന് നിറം നൽകുന്നത്
(A) വിറ്റാമിൻ K
(B) ബിലുറുബിൻ
(C) വിറ്റാമിൻ A
(D) മെലാനിൻ

87. ഇന്ത്യയുടെ ദേശീയ കായിക വിനോദം
(A) ഹോക്കി
(B) ക്രിക്കറ്റ്
(C) ടെന്നീസ്
(D) ചെസ്സ്

88. ഓസോൺ സുഷിരത്തിനു കാരണം
(A) യുറേനിയം
(B) നൈട്രജൻ
(C) ക്ലോറോഫ്ലൂറോ കാർബൺ
(D) അയോണീകരണം

89. പോസിറ്റീവും നെഗറ്റീവും അല്ലാത്ത സംഖ്യ
(A) −2
(B) −1
(C) +1
(D) 0

90. പവറിന്റെ യൂണിറ്റ്
(A) ജൂൾ
(B) വാട്ട്
(C) മീറ്റർ
(D) ഡിഗ്രി സെൽസിയസ്

91. ഒരു കാർ 6 മണിക്കൂർ കൊണ്ട് 342 km ഓടിയാൽ അതിന്റെ ശരാശരി വേഗത
(A) 75 km/hr
(B) 87 km/hr
(C) 57 km/hr
(D) 67 km/hr

92. സംസ്ഥാന ഭരണത്തലവൻ
(A) ഗവർണ്ണർ
(B) പ്രസിഡന്റ്
(C) മന്ത്രിസഭ
(D) മുഖ്യമന്ത്രി

93. കേരളകലാമണ്ഡലത്തിന്റെ ആസ്ഥാനം
(A) ഇടപ്പള്ളി
(B) കാലടി
(C) ചെറുതുരുത്തി
(D) വയനാട്

94. കേരള ഹൈക്കോടതിയുടെ ആസ്ഥാനം
(A) തിരുവനന്തപുരം
(B) കാസർകോട്
(C) പാലക്കാട്
(D) എറണാകുളം

95. 'വന്ദേമാതര' ത്തിന്റെ രചയിതാവ്

(A) ബങ്കിംചന്ദ്ര ചാറ്റർജി
(B) രവീന്ദ്രനാഥ ടാഗോർ
(C) ശ്രീനാരായണ ഗുരു
(D) ഈശ്വരചന്ദ്രവിദ്യാസാഗർ

96. കാർഗിലിലെ സൈനീകനീക്കത്തിന് നൽകിയ പേര്

(A) ഓപ്പറേഷൻ ബ്ലൂസ്റ്റാർ
(B) ഓപ്പറേഷൻ വിജയ്
(C) ഓപ്പറേഷൻ പരാക്രമം
(D) ഓപ്പറേഷൻ ഗംഭീർ

97. സിക്കുമത സ്ഥാപകൻ

(A) ഗുരുനാനാക്ക്
(B) കബീർ
(C) ഗുരു അർജ്ജുൻ
(D) ഗുരു അമർദാസ്

98. ഒന്നാം പാനിപത്ത് യുദ്ധം നടന്ന വർഷം

(A) 1556
(B) 1561
(C) 1526
(D) 1527

99. ഒന്നാം സ്വാതന്ത്ര്യസമരം ആരംഭിച്ച സ്ഥലം

(A) ഡൽഹി
(B) മീററ്റ്
(C) ആഗ്ര
(D) ഝാൻസി

100. ലോകജനസംഖ്യാദിനം

(A) ആഗസ്റ്റ് 11
(B) ഡിസംബർ 10
(C) സപ്തംബർ 5
(D) ജൂലൈ 11

-o0o-